# കേരളസർവകലാശാല

നം.പി.ആർ.33/2021

## <u>പത്രക്കുറിപ്പ്</u>

**<u>ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം(പി.ജി) - 2020</u>**
**<u>ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ</u>**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ പി.ജി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

തിരുവനന്തപുരം, കൊല്ലം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 12, 15 തീയതികളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 16, 17 തീയതികളിലും നടത്തുന്നതാണ്. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്.

- തിരുവനന്തപുരം – യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം
- കൊല്ലം – എസ് എൻ കോളേജ് കൊല്ലം
- ആലപ്പുഴ – സെൻറ് ജോസഫ് കോളേജ് ഫോർ വിമെൻ, ആലപ്പുഴ

എസ്.സി/എസ്.ടി സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവ് വന്ന സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി ഈ സ്പോട്ട് അലോട്ട്മെന്റ് വഴി നികത്തുന്നതാണ്.
**<u>രജിസ്ട്രേഷൻ സമയവും സ്ഥലവും കോഴ്സുകളുടെ വിവരവും ചുവടെ ചേർക്കുന്നു</u>**

| Zone and Venue | Date | Course | Registration Time |
|---|---|---|---|
| Trivandrum Zone- University College of Engineering Kariavatttom | 12/02/2021 | M.Sc | 08.00 am to 10.00 am |
| | 12/02/2021 | M Com | 02.00 pm to 03.00 pm |
| | 15/02/2021 | M.A | 08.00 am to 10.00 am |
| Kollam Zone- SN College Kollam | 12/02/2021 | M.Sc | 08.00 am to 10.00 am |
| | 12/02/2021 | M Com | 02.00 pm to 03.00 pm |
| | 15/02/2021 | M.A | 08.00 am to 10.00 am |
| Alappuzha Zone- St. Joseph College for Women, Alappuzha | 16/02/2021 | M.Sc | 08.00 am to 10.00 am |
| | 16/02/2021 | M Com | 02.00 pm to 03.00 pm |
| | 17/02/2021 | M.A | 08.00 am to 10.00 am |

വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. മേൽ പറഞ്ഞ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ

സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് 1030/- രൂപ (എസ്.സി/എസ്.ടി വിഭാഗം 300/-രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 600/- രൂപയും (എസ്.സി/എസ്.ടി വിഭാഗം 300/-രൂപ) ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.

## പരീക്ഷാത്തീയതി

2021 ജനുവരി 15 ന് നടത്തേണ്ടിയിരുന്ന എട്ടാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി (2008 സ്കീം) Advanced Structural Systems ന്റെ പരീക്ഷ മാർച്ച് 9 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങളിലോ സമയത്തിലോ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തുന്ന (2020 മേയ് സെഷൻ) രണ്ടാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 15 മുതൽ 19 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തുന്ന ബി.എ./ബി.എ.അഫ്സൽ-ഉൽ-ഉലമ (ആന്വൽ സ്കീം) പരീക്ഷകൾക്ക്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 18 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 22 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്യൂൺ തസ്തികയിലേക്ക് എഴുത്തു പരീക്ഷ നടത്തുന്നു

കേരളസർവകലാശാലയുടെ കീഴിൽ കാര്യവട്ടത്തുള്ള പോപ്പുലേഷൻ റിസർച്ച് സെന്ററിലും, കോസ്റ്റ് ഓഫ് കൾട്ടിവേഷനിലും ഒഴിവുള്ള പ്യൂൺ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടുതൽ അപേക്ഷകൾ ഉള്ളതിനാൽ ഒരു എഴുത്തു പരീക്ഷ നടത്താൻ സർവകലാശാല തീരുമാനിച്ചിരിക്കുന്നു. മലയാളത്തിലുള്ള എഴുത്തു പരീക്ഷ മണിക്കൂർ ദൈർഘ്യമുള്ളതാണ്. പൊതുവിജ്ഞാപനം, റീസണിംഗ്, അടിസ്ഥാനഗണിതം എന്നിവ അടിസ്ഥാനമാക്കിയുള്ള മൾട്ടിപ്പിൾ ചോയ്സ് ഒബ്ജക്ടീവ്

ടൈപ്പ് ചോദ്യങ്ങളായിരിക്കും ഉള്ളത്. പരീക്ഷാതീയതിയും സെന്ററും യോഗ്യരായ അപേക്ഷാർഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കും.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ.കമ്മ്യൂണിക്കേറ്റീവ് അറബിക് (2018 അഡ്മിഷൻ – റെഗുലർ/2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2014–2016 അഡ്മിഷൻ–സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ബി.എ. (195) 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 അഡ്മിഷൻ റെഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല സിൻഡിക്കേറ്റിലെ വിദ്യാർത്ഥി പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനും, കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്കുമുള്ള കേരളസർവകലാശാല സെനറ്റിന്റെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുമായി കേരളസർവകലാശാല സെനറ്റ് അംഗങ്ങളുടെ വോട്ടർപട്ടിക സർവകലാശാല ഓഫീസിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുക.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**
**09.02.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**